**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 495** **08-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ പ്രത്യേകമായ ധനസഹായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ചെറുകിട ഇടത്തരം, വൻകിട വ്യവസായങ്ങൾക്കായി വായ്പ സഹായവും പ്രോത്സാഹനവും സർക്കാർ വിവിധ ഏജൻസികൾ മുഖേന സമയബന്ധിതമായും കാര്യക്ഷമമായും നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ നൂറ് കോടി രൂപ വരെ വായ്പയായി നല്കി വരുന്നു. അങ്ങേയറ്റം ആകർഷകമായ പലിശ നിരക്കും ലളിതമായ തവണ വ്യവസ്ഥകളും സുതാര്യമായ ലോൺ നൽകുന്നതിനുള്ള നടപടിക്രമങ്ങളുമാണ് കെ.എസ്.ഐ.ഡി.സിയുടേത്. കൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ.കൾക്കും സ്റ്റാർട്ടപ്പുകൾക്കും സാമ്പത്തിക സഹായം പ്രാപ്തമാക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, ഈ വിഭാഗങ്ങൾക്ക് സമയബന്ധിതവും ഫലപ്രദവുമായ സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനായി, കെഎസ്ഐഡിസി "എംഎസ്എംഇ / സ്റ്റാർട്ട്-അപ്പുകൾ/മൈക്രോ എന്റർപ്രൈസസ്/ എൻആർകെ എന്നിവർക്കായി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി എന്ന പേരിൽ ഒരു പുതിയ ഫണ്ടിംഗ് സംരംഭം ആരംഭിച്ചിട്ടുണ്ട്. പുതിയ പദ്ധതി പ്രകാരം 'കെ.എസ്.ഐ.ഡി.സി കുറഞ്ഞത് 25 ലക്ഷവും പരമാവധി 2 കോടി രൂപയും ധനസഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പ്രവാസികൾക്കായി കെഎസ്ഐഡിസിയും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താക്കളായ പ്രവാസികൾക്ക് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്ന വായ്പ 25 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെയാണ്. |
| (ബി) | യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി. സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം. (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരിൽ നിന്നും അവരെ തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇത് വരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. സംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രായോഗികമാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി കെ.എസ്.ഐ.ഡി.സി.യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ സെമിനാറുകളും ചർച്ചകളും നടത്തി വരുന്നു. |
| (സി) | നിലവിലുള്ള വനിതാ സംരംഭകർക്ക് അവരുടെ വ്യവസായ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. പ്രത്യേകമായ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. വനിതാ വ്യവസായികളെ മുഖ്യധാരയിലേക്ക് ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.സ്.ഐ. ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിങ് മീറ്റിങ്ങുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.സ്.ഐ.ഡി.സി ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ മാനുഫാക്ചറിങ്/I.T,Software/ |

| | | | |
|---|---|---|---|
| | | | Service ബിസിനസ് മേഖലയിലുള്ള സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവത്ക്കരണത്തിനോ വേണ്ടി കെ.സ്.ഐ.ഡി.സി ഒരു ഹ്രസ്വകാല വായ്പാപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവന്നിരുന്നു. എന്നാൽ ഈ വർഷം മുതൽ മേൽപ്പറഞ്ഞ വായ്പാപദ്ധതിയിലെ അപേക്ഷകരുടെ യോഗ്യതാ മാനദണ്ഡ വായ്പാപരിധി ജില്ലാ വ്യവസായ കേന്ദ്രം വഴി നടപ്പിലാക്കിവരുന്ന Entrepreneurs Support Scheme (ESS) നെ അതേപടി പിന്തുടർന്നുകൊണ്ടു നടപ്പിലാക്കുവാൻ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ